

# കുടുംബം എന്തിന്?

മൂല്യങ്ങൾ നിലനിൽക്കുന്നത് കുടുംബബന്ധത്തിലൂടെയാണ്. എല്ലാ നല്ല മൂല്യങ്ങളും ദൈവികമാണ്. ദൈവികമൂല്യങ്ങൾ ജ്വലിച്ചുയരുമ്പോൾ അധർമത്തിന്റെ അന്ധകാരങ്ങൾക്കു നിലനിൽപില്ലാതാകും. അതിനാൽ ദൈവികമൂല്യങ്ങൾ സഹിക്കാത്തവർ കുടുംബസംവിധാനം തകർക്കാൻ കാരണങ്ങൾ പരതിക്കൊണ്ടിരിക്കുന്നു.

കുടുംബം ● ശിഹാബുദ്ദീൻ ഇബ്നു ഹംസ

**കുടുംബഘടനയെ** ചോദ്യംചെയ്തുകൊണ്ടുള്ള ചർച്ച പുതിയതല്ല. വാടക ഗർഭധാരണം വ്യാപകമായ ഈ കാലത്ത് പ്രസ്തുത ചർച്ചക്ക് പുതുജീവൻ ലഭിച്ചു എന്നതാണ് വസ്തുത. കാരണമില്ലാതായാൽ കാര്യം നിലനിൽക്കില്ല. കുടുംബമെന്ന വലിയ കാര്യം ആവശ്യമില്ലെന്ന ചർച്ച തുടങ്ങുന്നതിനു മുമ്പ്, എന്താണ് കുടുംബത്തിന്റെ കാരണമെന്ന് പഠിക്കണം.

ഇണചേരൽ, സന്താനോൽപാദനം, സന്താനപരിപാലനം, ഇര തേടൽ, താമസസൗകര്യം ഒരുക്കൽ, ശത്രുക്കളിൽ നിന്നുള്ള പ്രതിരോധം തുടങ്ങിയ കാര്യങ്ങൾ മനുഷ്യർ മാത്രമല്ല, എല്ലാതരം ജീവജാലങ്ങളും വിവിധ രീതിയിൽ നടത്തുന്നുണ്ട്. പക്ഷേ, മനുഷ്യനു പുറമെ ഒരു ജീവിസമൂഹത്തിലും വിവാഹവും കുടുംബവും നിലനിൽക്കുന്നില്ല.

* * * * *

ആദിമമനുഷ്യനിൽ നിന്ന് ആധുനികസമൂഹം ഒരുപാടു കാര്യത്തിൽ വ്യത്യസ്തത പുലർത്തുന്നുണ്ട്. ഓരോ പ്രഭാതവും പുതിയ പാഠങ്ങളും അനുഭവങ്ങളും നമുക്കു സമ്മാനിക്കുന്നു. നമ്മുടെ മുൻഗാമികൾക്ക് സ്വപ്നം കാണാൻ പോലും സാധിച്ചിട്ടില്ലാത്ത മേഖലകൾ നാം വെട്ടിത്തുറന്നു. എന്നാൽ, ചരിത്രത്തിന്റെ നാൾവഴികളിൽ ഏതോ പ്രത്യേക സന്ദർഭത്തിൽ മനുഷ്യൻ രൂപംനൽകിയ സംവിധാനമല്ല കുടുംബം.

പുരാണങ്ങൾ മുതൽ, അഭിമാനപൂർവം നാം കൊണ്ടുനടക്കുന്ന നരവംശശാസ്ത്രത്തിന്റെ പുത്തൻ ഏടുകൾ വരെ പരതിയാലും ഒറ്റപ്പെട്ട മനുഷ്യന്റെ ചിത്രമില്ല. മനുഷ്യൻ അവന്റെ ഉത്ഭവം മുതൽ കുടുംബമെന്ന ഘടനക്കകത്തു തന്നെയാണ് കഴിഞ്ഞത്.

ഖുർആൻ പറയുന്നു: “നിങ്ങൾക്ക് നിങ്ങളുടെ വർഗത്തിൽ നിന്നുതന്നെ സഹധർമിണികളെ ഉണ്ടാക്കിത്തന്നവൻ അല്ലാഹു തന്നെയാകുന്നു. ആ സഹധർമിണികളിലൂടെ നിങ്ങൾക്ക് പുത്ര-പൗത്രന്മാരെ പ്രദാനം ചെയ്തതും ഉത്തമഭോജ്യങ്ങൾ നൽകിയതും അവൻ തന്നെ. എന്നിട്ടും ഈ ജനം മിഥ്യയിൽ വിശ്വസിക്കുകയും അല്ലാഹുവിന്റെ ഔദാര്യങ്ങളെ നിഷേധിക്കുകയും ചെയ്യുന്നുവോ?” (*അന്നഹ്ൽ 72*). “അവൻ നിങ്ങൾക്ക് സ്വജാതിയിൽ നിന്നുതന്നെ ഇണകളെ സൃഷ്ടിച്ചുതന്നതും, അവരുടെ സാന്നിധ്യത്തിൽ ശാന്തിനുകരാൻ നിങ്ങൾക്കിടയിൽ സ്നേഹവും കാരുണ്യവും ഉണ്ടാക്കിത്തന്നതും അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതാകുന്നു. നിശ്ചയം ചിന്തിക്കുന്ന

ജനത്തിന് ഇതിൽ നിരവധി ദൃഷ്ടാന്ത ങ്ങളുണ്ട്" (*അർറൂം* 21).

* * * * *

കുടുംബം എന്ന സ്ഥാപനത്തിന്റെ ഒന്നാംപടിയാണ് വിവാഹം. എതിർ സ്വഭാവമുള്ള രണ്ട് ഒന്നുകൾ ചേർന്ന് വല്യ ഒന്നായിത്തീരുന്ന അത്ഭുതപ്രതിഭാസം. നമുക്ക് തെരഞ്ഞെടുക്കാനും തീരുമാനിക്കാനും അധികാരമുള്ള ഏക കുടുംബ ബന്ധുവിനോട് ബന്ധം ചേർക്കുന്ന കരാർ. എല്ലാ കാലത്തും എല്ലാ മതത്തിലും വിവാഹം എന്ന ചടങ്ങ് നിലനിന്നിരുന്നു. മതം ഉപേക്ഷിച്ച സമൂഹവും ഏതെങ്കിലും തരത്തിലുള്ള വിവാഹ കരാറിൽ ഒപ്പുവെക്കുന്നു.

മത-മതേതര സമൂഹങ്ങളിലെ വിവാഹ കരാറുകളെയും ഇസ്‌ലാം അംഗീകരിക്കുന്നു. അതിനാലാണ് ദമ്പതികൾ ഇസ്‌ലാം സ്വീകരിക്കുമ്പോൾ ഇസ്‌ലാമിക ആചാര പ്രകാരം വീണ്ടും അവർ വിവാഹം ചെയ്യേണ്ടതില്ലാത്തത്.

* * * * *

നമ്മുടെ വിശപ്പും ദാഹവും സൃഷ്ടിച്ചതും അതു ശമിപ്പിക്കാനുള്ള ഭക്ഷണവും വെള്ളവും ഒരുക്കിയതും ദൈവമാണെന്നതുപോലെ, നമുക്ക് എതിർലിംഗത്തോട് ആകർഷണമുണ്ടാക്കിയതും അതിന് വിവാഹം എന്ന പരിഹാരം സംവിധാനിച്ചതും ദൈവമാണ്.

ലൈംഗികദാഹം ശമിപ്പിക്കാനും സന്താനോൽപാദനം നടത്താനും ഇതര ജീവജാലങ്ങളിൽ നിന്ന് വ്യത്യസ്തമായി മനുഷ്യന് വിവാഹം, കുടുംബം എന്നിവ നിർബന്ധമാക്കിയത് എന്തിന് എന്ന് മനസ്സിലാവണമെങ്കിൽ, ഇതര ജീവജാലങ്ങളിൽ നിന്ന് മനുഷ്യർക്ക് എന്തു വ്യത്യാസമാണുള്ളത് എന്ന് അറിയണം.

മറ്റൊരു ജീവിസമൂഹത്തിനും നൽകിയിട്ടില്ലാത്ത പ്രത്യേകമായ പദവിയും ഗൗരവതരമായ ഉത്തരവാദിത്വവും ദൈവം മനുഷ്യനു നൽകിയിട്ടുണ്ട്. ഭൂമിയിൽ സാക്ഷാൽ ദൈവത്തിന്റെ പ്രതിനിധികളായി മനുഷ്യരെ തെരഞ്ഞെടുത്തിരിക്കുന്നു എന്നതാണത്. രാജാധിരാജനും നീതിമാനുമായ പടച്ചതമ്പുരാന്റെ നിയമവും വ്യവസ്ഥയും ഭൂമിയിൽ നടപ്പിലാക്കാൻ ചുമതലപ്പെട്ട ഒരു ജീവിവർഗവും ഭൂമിലോകത്തു വേറെയില്ല.

* * * * *

ഇതര ജീവജാലങ്ങൾക്കൊന്നും ഇല്ലാത്ത ഉത്തരവാദിത്വം മനുഷ്യനുമേൽ ചുമത്തപ്പെട്ടിരിക്കുന്നു എന്നതിനാൽ അതു നടപ്പിലാക്കാൻ ആവശ്യമായ കഴിവും യോഗ്യതയും അവൻ നേടിയെടുക്കേണ്ടതുണ്ട്. ഇതിനുള്ള പരിശീലനകേന്ദ്രമാണ് കുടുംബം. അതുകൊണ്ടാണ് മുൻഗാമികളായ പണ്ഡിതന്മാർ വിവാഹത്തെ ഉത്തമമായ ഒരു സാംസ്കാരിക കേന്ദ്രത്തിന്റെ നിർമാണ പ്രക്രിയയായി വിശേഷിപ്പിച്ചത്.

മാതാവിന്റെ മടിത്തട്ടാണ് ആദ്യത്തെ വിദ്യാലയം എന്നു നാം പഠിച്ചിട്ടുണ്ട്. ഇമാം ഗസ്സാലി (റ) പറയുന്നത് ഒരു കുട്ടിയെ സംബന്ധിച്ച് നൂറു ഗുരുനാഥന്മാർക്കു തുല്യമാണ് അവന്റെ പിതാവെന്നും ആയിരം അധ്യാപകന്മാർക്കു തുല്യമാണ് അവന്റെ മാതാവെന്നുമാണ്.

എല്ലാ കുട്ടികളും ശുദ്ധപ്രകൃതിയിലാണ് ജനിക്കുന്നത്; അവന്റെ മാതാപിതാക്കളാണ് അവനെ യഹൂദിയും ക്രൈസ്തവനും അഗ്നിയാരാധകനും ആക്കി മാറ്റുന്നത് എന്ന നബിവചനവും കുടുംബം പരിശീലനകേന്ദ്രമാണെന്നതിന്റെ തെളിവാണ്.

ഇത്രയൊന്നും ചിന്തിക്കാതെ തന്നെ പൊതുവെ നാം അംഗീകരിച്ച യാഥാർത്ഥ്യവുമാണിത്. അതുകൊണ്ടാണ് താന്തോന്നിയായി നടക്കുന്ന സംസ്കാര ശൂന്യനായ ഒരാളെക്കുറിച്ച് കുടുംബമില്ലാത്തവൻ, കുടുംബത്തിൽ കയറ്റാൻ കൊള്ളാത്തവൻ എന്നു നാം പറയുന്നത്. അതായത് കുടുംബമെന്നാൽ സംസ്കാരമുള്ളവരുടെ കൂട്ടായ്മയാണെന്നു സാരം.

* * * * *

നബി (സ) പറഞ്ഞു: "നാലു കാര്യങ്ങൾക്കാണ് സ്ത്രീകൾ വിവാഹം ചെയ്യപ്പെടാറുള്ളത്. അവളുടെ സമ്പത്ത്, സൗന്ദര്യം, തറവാട്, അവളുടെ ദീൻ. നിങ്ങൾ ദീനിനു പരിഗണന കൊടുക്കുക. അല്ലെങ്കിൽ നിങ്ങൾ നശിച്ചുപോകും".

എന്താണോ നാം നിർമിക്കാൻ ഉദ്ദേശിക്കുന്നത് അതിനു സഹായകമായ വസ്തുക്കളാണല്ലോ നാം ശേഖരിക്കുക. ഇവിടെ ദീൻ അഥവാ ദൈവത്തിൽ നിന്ന് അവതീർണമായ ഉത്തമസംസ്കാരം നിർമിക്കാനാണ് വിവാഹം എന്നതിനാൽ ദീനിനു പരിഗണന കൊടുക്കാൻ പ്രവാചകൻ പറയുന്നു. ഇതു ലംഘിച്ച് തലമുറകളെ നാശത്തിലേക്ക് നയിച്ചതിന് ധാരാളം ഉദാഹരണങ്ങൾ നാം ചുറ്റുവട്ടത്ത് കണ്ടുകൊണ്ടിരിക്കുകയാണ്.

* * * * *

മനുഷ്യർ ദൈവത്തിന്റെ അടിമകളും പ്രതിനിധികളുമാണെന്ന ബോധം സകലവിധ ഉച്ചനീചത്വങ്ങളിൽനിന്നും അസമത്വങ്ങളിൽനിന്നും മനുഷ്യനെ രക്ഷിക്കും. കുടുംബബന്ധങ്ങളെ സംരക്ഷിക്കാൻ പറയുന്നേടത്ത്, മൊത്തം മനുഷ്യർ ഒരു കുടുംബമാണെന്ന് ഖുർആൻ പ്രഖ്യാപിക്കുന്നു:

"മനുഷ്യരേ, നിങ്ങളെ ഒരേ ആത്മാവിൽനിന്ന് സൃഷ്ടിക്കുകയും, അതിൽ നിന്നുതന്നെ അതിന്റെ ഇണയെയും, അവർ ഇരുവരിൽ നിന്നുമായി ധാരാളം പുരുഷന്മാരെയും സ്ത്രീകളെയും വ്യാപിപ്പിക്കുകയും ചെയ്തവനായ നിങ്ങളുടെ രക്ഷിതാവിനെ നിങ്ങൾ സൂക്ഷിക്കുവിൻ. ഏതൊരു അല്ലാഹുവിന്റെ പേരിൽ നിങ്ങൾ അന്യോന്യം ചോദിച്ചു കൊണ്ടിരിക്കുന്നുവോ അവനെ നിങ്ങൾ സൂക്ഷിക്കുക. കുടുംബബന്ധങ്ങളെയും (നിങ്ങൾ സൂക്ഷിക്കുക.) തീർച്ചയായും അല്ലാഹു നിങ്ങളെ നിരീക്ഷിച്ചുകൊണ്ടിരിക്കുന്നവനാകുന്നു" (*അന്നിസാഅ്* 1).

* * * * *

മൂല്യങ്ങൾ നിലനിൽക്കുന്നത് കുടുംബബന്ധത്തിലൂടെയാണ്. എല്ലാ നല്ല മൂല്യങ്ങളും ദൈവികമാണ്. ദൈവികമൂല്യങ്ങൾ ജ്വലിച്ചുയരുമ്പോൾ അധർമത്തിന്റെ അന്ധകാരങ്ങൾക്കു നിലനിൽപില്ലാതാകും. അതിനാൽ ദൈവികമൂല്യങ്ങൾ സഹിക്കാത്തവർ കുടുംബസംവിധാനം തകർക്കാൻ കാരണങ്ങൾ പരതിക്കൊണ്ടിരിക്കുന്നു.

കുഞ്ഞുങ്ങളെ വളർത്താൻ ബേബി കെയർ, ഭക്ഷണത്തിനു ടിൻഫുഡ്, വൃദ്ധർക്ക് വൃദ്ധസദനം, ലൈംഗികതക്ക് ആകർഷകമായ സംവിധാനങ്ങൾ.... ഇപ്പോൾ സന്താനോൽപാദനത്തിന് വാടക ഗർഭാശയങ്ങൾ!

കുടുംബം നിലനിൽക്കേണ്ടതിന്റെ കാരണം പ്രബലവും പ്രസക്തവുമാണ്. ദൈവത്തിന്റെ ഭൂമിയിലെ പ്രതിനിധികളെ പരിശീലിപ്പിക്കുക എന്നതാണത്. ■